## മധുരമായ കുട്ടികളേ – നിങ്ങൾ ഡബിൾ അഹിംസകരാകണം, മനസാ–വാചാ–കർമ്മണാ നിങ്ങൾ ഒരിക്കലും ആർക്കും ദു:ഖം നൽകരുത്.

**ചോദ്യം:–** കല്പ–കല്പം ബാബയിൽനിന്നും പൂർണ്ണമായും സമ്പത്ത് നേടിയ കുട്ടികളുടെ അടയാളം എന്തായിരിക്കും?

**ഉത്തരം:–** അവർ പതീതരുടെ കൂട്ടുകെട്ട് ഒഴിവാക്കി ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനായി ശ്രീമത പ്രകാരം നടക്കുന്നതിൽ മുഴുകും. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ട് പവിത്രമായിരിക്കണം എന്നതാണ് ബാബയുടെ ആദ്യത്തെ ആജ്ഞ, പരിപൂർണ്ണമായും ഈ ആജ്ഞ പ്രകാരം നടക്കും. ഒരിക്കലും ഇങ്ങനെ ചോദിക്കില്ല, അപ്പോൾ ലോകം എങ്ങനെ മുന്നോട്ടുപോകും എന്ന്. അവർക്കിടയിൽ ഒരിക്കലും കുറ്റകൃത്യങ്ങൾ ഉണ്ടാകുകയില്ല. അവർ സ്വയം ശിവബാബയുടെ പൗത്രർ, ബ്രഹ്മാവിന്റെ കുട്ടികളായ സഹോദരീ–സഹോദരന്മാർ ആണെന്ന് മനസ്സിലാക്കി നടക്കും.

**ഗീതം:–** മാതാ ഓ മാതാ....

**ഓം ശാന്തി**. കുട്ടികൾക്ക് ഇപ്പോൾ ആരുടേയും മഹിമ ചെയ്യേണ്ടതായിട്ടില്ല. ഭക്തരാണ് മഹിമ പാടുന്നത്, ഈ ഗീതം ഭക്തിമാർഗ്ഗത്തിലുള്ളവർ മമ്മയെ പറ്റി മഹിമ പാടിയതാണ്. എന്നാൽ പാവങ്ങൾക്ക് മമ്മ അങ്ങനെ എന്ത് സേവനമാണ് ചെയ്തിരിക്കുന്നത് എന്നതറിയില്ല! പൂർണ്ണത കൈവരിച്ചു, അതിനാൽ അവരുടെ മഹിമ പാടുന്നു. പക്ഷേ വാസ്തവത്തിൽ മഹിമ പാടുന്നത് ഒന്നിനുമാത്രമാണ്. ആ ഒരാൾ ഇരുന്ന് കുട്ടികളെ പഠിപ്പിക്കുകയാണ്, കൂടാതെ അങ്ങനെയാക്കി മാറ്റുകയും ചെയ്യുന്നു. നിങ്ങളും അദ്ദേഹത്തിന്റെ കുട്ടികളാണ് അദ്ദേഹം ഭാരതത്തിന്റെ അഥവാ വിശ്വത്തിന്റെ സേവനം ചെയ്യുകയാണ്. ഭാരതത്തിനാണ് മഹിമ ചെയ്യുന്നത്. ചിത്രവും ഭാരതത്തിൽ തന്നെയാണുള്ളത്. ജഗദംബയുടെ പൂജയും ഇവിടെ ധാരാളം നടക്കുന്നു. പുറത്തെങ്ങും നടക്കുന്നില്ല. ചിലയിടത്തൊക്കെ ശിവന്റെ ചിത്രവും ഉണ്ട് എന്നാൽ അവർ ഇതൊന്നും മനസ്സിലാക്കുന്നില്ല. വാസ്തവത്തിൽ മഹിമയുള്ളത് ശിവനാണ്. ആ ശിവബാബയാണ് പിന്നീട് ജഗദംബക്കും ജഗത്പിതാവിനും മഹിമ നേടിക്കൊടുക്കുന്നത്. ബാബയിൽ നിന്നും തന്നെയാണ് സർവ്വർക്കും ശ്രീമതം ലഭിക്കുന്നത്. ദിൽവാഡാ ക്ഷേത്രത്തിൽ എല്ലാവരുടേയും ചിത്രങ്ങൾ ഇല്ല. കുട്ടികൾ അനേകം ഉണ്ട്. നിങ്ങൾ എല്ലാ കുട്ടികളും രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ് ചിത്രമൊക്കെ കുറച്ചുപേരുടേതേ ഉണ്ടാക്കുകയുള്ളൂ.

നിങ്ങൾക്ക് അറിയാം ബാബ നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കുകയാണ്. ശിവബാബ ഇദ്ദേഹത്തിൽ ഇരിക്കുകയാണ്. കല്പം മുൻപും ഇതുപോലെതന്നെ പരമപിതാവായ പരമാത്മാവ് നമ്മെ രാജയോഗം പഠിപ്പിച്ചിരുന്നു. ഇപ്പോൾ പ്രാക്ടിക്കലായി ബുദ്ധിയിലൂടെ അനുഭവപ്പെടുന്നു. മറ്റുള്ളവർ കേൾക്കുമ്പോൾ അതിൽ ചിലർ പറയും ശരിക്കും സത്യമായ കാര്യമാണ്, മറ്റുചിലർ പറയും ഞങ്ങളിതെങ്ങനെ അംഗീകരിക്കും. എല്ലാവരും ഒരുപോലെയല്ല, പുതുതായി ആരെങ്കിലും വരുമ്പോൾ ചോദ്യം ചോദിക്കാറുണ്ട് – ഗോഡ്ഫാദറിന്റെ പേര് എപ്പോഴാണ് കേട്ടത്? എപ്പോഴാണ് ഭഗവാന്റെ പേര് കേട്ടത്? ഞാൻ ഗോഡ്ഫാദറിനെ ഓർമ്മിക്കാറില്ല എന്നിങ്ങനെ ഒരു മനുഷ്യൻ പോലും പറയുകയില്ല എന്തുകൊണ്ടെന്നാൽ ഇപ്പോൾ സർവ്വരും ദു:ഖികളാണ് അതിനാൽ പരമാത്മാവിനെ തീർച്ചയായും ഓർമ്മിക്കുന്നു. സത്യുഗത്തിൽ പതീത പാവനാ വരൂ എന്ന് ആരും പറയുകയില്ല. ദു:ഖത്തിൽ സർവ്വരും ഓർമ്മിക്കുന്നു, സുഖത്തിൽ ആരും ഓർമ്മിക്കുന്നില്ല. ദു:ഖത്തിൽ ഓർമ്മിക്കുന്നത് ആരെയാണ്? ഒന്നിനെ. ഓർമ്മിക്കുന്നുണ്ട് എന്നിരുന്നാലും അറിയുന്നില്ല, കേവലം മഹിമ ചെയ്യുകയാണ്.

ഇവിടെ എല്ലാം മതത്തിന്റെ കാര്യങ്ങളാണ്. പാടുന്നു റിലീജ്യൻ ഇസ് മൈറ്റ് (മതം ശക്തിയാണ്). ഏത് മതത്തിലാണ് അത്രയും ശക്തിയുള്ളത്? എല്ലാ മതങ്ങൾക്കും അത്ര ശക്തിയൊന്നുമില്ല. ബാബ വന്ന് ഒരു ദേവീ–ദേവതാ ധർമ്മം സ്ഥാപിക്കുന്നു. ബാബയെ ആൾ മൈറ്റി (സർവ്വ ശക്തൻ) എന്നാണ് വിളിക്കുന്നത്. അപ്പോൾ അദ്ദേഹം സ്ഥാപിക്കുന്ന ധർമ്മം, അതിൽ തന്നെയാണ് ശക്തിയുള്ളത്. നിങ്ങൾക്ക് അറിയാം നാം ദേവീ ദേവതാ ധർമ്മത്തിന്റേതായിക്കൊണ്ടിരിക്കുകയാണ് അപ്പോൾ നമ്മളിൽ എത്ര ശക്തിയാണ് വന്നു ചേരുന്നത്! നമ്മൾ അച്ഛനിൽ നിന്ന് രാജ്യപദവി നേടുകയാണ്. നമ്മൾ ഒരു ഹിംസയും ചെയ്യുന്നില്ല. സത്യുഗത്തിൽ രണ്ടുതരത്തിലുള്ള ഹിംസകളും ഉണ്ടാകുകയില്ല. ഒന്നാണ് കാമകഠാരയുടെ ഹിംസ, മറ്റൊന്ന് ആരോടെങ്കിലും ക്രോധിക്കുക, മോശമായ വാക്കുകൾ പറയുക, ഇതും അസ്ത്രം എയ്യുന്നതിന് തുല്യമാണ്.

ഇതിനെ അക്രമം എന്നാണ് (വയലൻസ്) പറയുന്നത്. നിങ്ങൾക്ക് ആർക്കും ദു:ഖം നൽകാൻ കഴിയില്ല. ബാബ എത്ര നന്നായി പഠിപ്പിക്കുന്നു. സർവ്വരേയും സുഖികളാക്കൂ. പ്രധാനപ്പെട്ട കാര്യം കാമ-കഠാരയുടെ പ്രയോഗമാണ് - ഇതാണ് ഏറ്റവും വലിയ ഹിംസ. തോക്കുകളും മറ്റും പ്രയോഗിക്കുന്നതും, കൊല്ലുന്നതും ഒക്കെ ഹിംസ തന്നെയാണ്. ഏതെങ്കിലും പ്രകാരത്തിൽ മറ്റൊരാൾക്ക് ദു:ഖം നൽകുന്നത് ഹിംസയാണ് അതിനാൽ ബാബ പറയുന്നു കാമം മഹാ ശത്രുവാണ്. പാടാറുണ്ട് അഹിംസ പരമമായ ദേവീ-ദേവന്മാരുടേ ധർമ്മമാണ്. അവരിൽ രണ്ട് ഹിംസകളും ഉണ്ടായിരുന്നില്ല. ആർക്കും ഒരിക്കലും മനസ്സാ-വാചാ-കർമ്മണാ ദു:ഖം നൽകിയിരുന്നില്ല. ബാബ വന്നിട്ട് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. കല്പം മുൻപ് ചെയ്തിരുന്നു, ഇപ്പോൾ വീണ്ടും ചെയ്തുകൊണ്ടിരിക്കുകയാണ്. ആരെയെങ്കിലും കൊല്ലുക, പീഡിപ്പിക്കുക, ക്രോധിക്കുക തുടങ്ങീ എല്ലാത്തിൽ നിന്നും മോചിപ്പിക്കുകയാണ്. പ്രധാനമായ കാര്യം പവിത്രതയുടേതാണ്, അതിനാലാണ് രാക്ഷാ-ബന്ധനം ആഘോഷിക്കുന്നത്. സഹോദരിമാർ സഹോദരന്മാർക്ക് രാഖി കെട്ടുന്നു, എന്തിനെന്നാൽ കാമ-കഠാര പ്രയോഗിക്കാതിരിക്കാൻ. എന്നാൽ മനുഷ്യർ ഇതിന്റെ അർത്ഥം അറിയുന്നില്ല. നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികളാണ്, ശിവന്റെ പൗത്രരാണ്. അപ്പോൾ നിങ്ങൾ സഹോദരീ-സഹോദരന്മാരാകുന്നു. പരസ്പരം ഒരിക്കലും ക്രിമിനൽ പ്രശ്നങ്ങൾ ഉണ്ടാകരുത്. ഇതാണ് പവിത്രമാകുന്നതിനുള്ള യുക്തി. സഹോദരീ സഹോദരന്മാർ പരസ്പരം ഒരിക്കലും വിവാഹം കഴിക്കില്ല. അപ്പോൾ ബാബ മനസ്സിലാക്കിത്തരുകയാണ് കല്പം മുൻപ് ആരൊക്കെയാണോ സമ്പത്ത് നേടിയിട്ടുള്ളത് അവർ മാത്രമേ ശ്രീമതം പ്രകാരം നടക്കുകയുള്ളൂ. അദർകുമാരി, കുമാരീ കുമാരന്മാർ എന്നിവരുടെ അമ്പലങ്ങളുണ്ട്. ഗൃഹസ്ഥത്തിൽ നിന്നും വന്ന് ബാബയുടെ കുട്ടികളായവരെയാണ് അദർ എന്ന് വിളിക്കുന്നത്. തീർച്ചയായും സമ്പൂർണ്ണമായി പോയവരാണ്, ഇപ്പോൾ വീണ്ടും പ്രാക്ടിക്കലിൽ ആണ്. ഇങ്ങനെ കരുതരുത് നമ്മൾ പവിത്രരായാൽ പിന്നെ സൃഷ്ടി എങ്ങനെ മുന്നോട്ട് പോകും! ഇപ്പോൾ ഈ ലോകം പതീതമായിരിക്കുകയാണ്. ഇപ്പോൾ ആവശ്യം പാവന ലോകമാണ്. പതീത ലോകം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്, അവസാനിച്ചിട്ടില്ല. അപ്പോൾ നിങ്ങൾക്ക് പതീതരുടെ കൂട്ട് ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്. ബാബ വന്ന് വികാരീ ലോകത്തിന്റെ രചന അവസാനിപ്പിക്കുകയാണ്. സത്യുഗം മുതൽ നിർവികാരീ ലോകം ആരംഭിക്കും.

അച്ഛൻ വന്ന് മക്കൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു, ശേഷം ചിലർ മാനിക്കുന്നു, മാനിക്കാതിരിക്കുന്നു. ശ്രീമദ് ഭഗവാനുവാചാ. ഭഗവാൻ ഇരുന്ന് കുട്ടികളെ പഠിപ്പിക്കുന്നു. എന്ത് ആക്കിത്തീർക്കും? തീർച്ചയായും ഭഗവാൻ ഭഗവതിമാരാക്കിത്തീർക്കുന്നു. ആര് എങ്ങനെയാണോ അവരെ അങ്ങനെ തന്നെ ആക്കിത്തീർക്കുന്നു. നിരാകാരനായ ഭഗവാൻ ഇരുന്ന് നിരാകാരരായ ആത്മാക്കളെ ഈ ശരീരത്തിലൂടെ പഠിപ്പിക്കുന്നു. ഇത് ബാബയുടെ ലോങ് ബൂട്ട് (വലിയ ചെരുപ്പ്) ആണ്. ബാബക്ക് ശരീരം ആവശ്യമല്ലേ. അദ്ദേഹത്തിന്റെ ശരീരമാകുന്ന ചെരുപ്പ് പഴയതായിരിക്കുന്നു. പുതിയതായിരുന്നപ്പോൾ വെളുത്തതായിരുന്നു, ഇപ്പോൾ കറുത്തുപോയി. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ കുട്ടികൾ ഈ സമയം കറുത്തിരിക്കുന്നു പിന്നീട് സുന്ദരമാകുന്നു. ഈ സമയം ഓരോരുത്തരും കറുത്തവരായിരിക്കുന്നു. അവർക്ക് 84 ജന്മങ്ങൾ എടുക്കേണ്ടിവന്നു. കൃഷ്ണൻ ആദ്യം സുന്ദരനായിരുന്നു. പതുക്കെ-പതുക്കെ സൗന്ദര്യം കുറഞ്ഞുവന്നു. കൃഷ്ണന്റെ ചിത്രവുമുണ്ട്, നരകത്തെ തൊഴിക്കുകയും സ്വർഗ്ഗത്തെ കൈയ്യിൽ വച്ചിരിക്കുന്നതായും. പറയുകയാണ് സ്വർഗ്ഗത്തിൽ ഞാൻ സുന്ദരനായിരുന്നു എന്നാൽ ഇപ്പോൾ നരകത്തിൽ കറുത്തുപോയിരിക്കുന്നു അതിനാൽ തൊഴിക്കുന്നു. ആരൊക്കെയാണോ സൂര്യവംശ കുലത്തിന്റേതായി ട്ടുള്ളത് അവരെല്ലാം സുന്ദരമായിരുന്നു. മുഴുവൻ കുലവും രാജ്യം ഭരിച്ചിരുന്നു. ഇപ്പോൾ എല്ലാവരും കറുത്തുപോയിരിക്കുന്നു അതിനാൽ ശ്യാമസുന്ദരൻ എന്ന നാമത്തിൽ വിളിച്ചുപോരുന്നു. ശ്രീ കൃഷ്ണന്റെ ആത്മാവ് തന്നെയാണ് ആദ്യ ജന്മമെടുക്കുന്നത്. കൃഷ്ണനോടൊപ്പം മുഴുവൻ രാജകുലവും ഉണ്ടാകും. എല്ലാവരും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് വീണ്ടും വെളുക്കുവാനായി. പറയുന്നു കാളിയമർദ്ദനത്തിൽ സർപ്പം ദംശിച്ചതാണെന്ന്. അതും ഇപ്പോഴത്തെ കാര്യമാണ്, മായ എല്ലാവരേയും ദംശിച്ചുകൊണ്ടിരിക്കുകയാണ്. മായ എല്ലാവരേയും കറുപ്പിച്ചുകളഞ്ഞു. ബാബ വീണ്ടും വെളുത്തവരാക്കുന്നു. സ്വർഗ്ഗത്തിൽ അങ്ങനെയുണ്ടാകില്ല. അവിടെ 21 ജന്മം സദാ സുഖികളായിരിക്കുന്നു. അകാലമൃത്യു ഒരിക്കലും സംഭവിക്കുന്നില്ല. ഇപ്പോൾ ദൈവീക രാജധാനി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബാബ വന്ന് സർവ്വർക്കും രാജ്യ-ഭാഗ്യം നൽകുകയാണ്. മറ്റ് ധർമ്മസ്ഥാപകർക്ക് രാജ്യ-ഭാഗ്യം നൽകാൻ കഴിയില്ല. ഇബ്രാഹിം, ബുദ്ധൻ തുടങ്ങിയവർ രാജ്യം സ്ഥാപിക്കുന്നില്ല. അവർ കേവലം ധർമ്മമാണ് സ്ഥാപിക്കുന്നത്, പിന്നീട് ധർമ്മത്തിന് വൃദ്ധി ഉണ്ടാകുന്നു. അവരെ വാസ്തവത്തിൽ ഗുരുക്കന്മാർ എന്നുപോലും വിളിക്കാൻ കഴിയില്ല എന്തുകൊണ്ടെന്നാൽ ഗുരുഭക്തി ചെയ്യുന്നത് സത്ഗതിക്കുവേണ്ടിയാണ്. അവർ വരുന്നത് ധർമ്മം സ്ഥാപിക്കുവാനാണ്, സത്ഗതി നൽകാനല്ല. അവർക്ക് ശേഷം അവരുടെ ധർമ്മത്തിലെ ആത്മാക്കൾ താഴേക്ക് പതിക്കുന്നു. അപ്പോൾ ഗുരു എന്നും ആരേയും വിളിക്കാൻ കഴിയില്ല. സർവ്വരുടേയും സത്ഗതി ചെയ്യുന്നത് ഒരേയൊരു ശിവബാബയാണ്. ശിവബാബയെ പറ്റി പറയുകയില്ല അദ്ദേഹം ജന്മം എടുക്കുന്നവനാണെന്ന്, അത് തെറ്റായിപ്പോകും. അദ്ദേഹം അവതാരമെടുക്കുന്നു. ജന്മമെടുക്കുകയെന്നാൽ

ഗർഭത്തിൽ വരുകയെന്നാണ്. ഞാൻ ഗർഭത്തിലൂടെ ജന്മമെടുക്കുന്നില്ല. അവതാരമാണെടുക്കുന്നത്. എന്നാൽ എങ്ങനെവരുന്നു എന്നത് ആരും മനസ്സിലാക്കുന്നില്ല. ഞാൻ പരംധാമിൽ നിന്നും വന്ന് ഈ ശരീരത്തിൽ പ്രവേശിക്കുകയാണ്. എനിക്ക് ശരീരം ആവശ്യമല്ലേ. കൂടാതെ വലിയ ശരീരമാണ് വേണ്ടത്. ചെറിയ ശരീരത്തിലിരുന്ന് സംസാരിക്കാൻ കഴിയില്ല. ഞാൻ അനുഭവീ രഥമായ, ഒരുപാട് ജന്മങ്ങളിൽ അന്തിമ ജന്മമായ, വാനപ്രസ്ഥ അവസ്ഥയിലാണ് വരുന്നത്. ഗീതയിലും പറയുന്നുണ്ട് ഞാൻ ഇദ്ദേഹത്തിന്റെ ജന്മങ്ങളെ മനസ്സിലാക്കുന്നു. ഇദ്ദേഹം തന്റെ ജന്മങ്ങളെ അറിഞ്ഞിരുന്നില്ല. ഇപ്പോൾ അറിയുന്നു. ഒരുതവണ പറഞ്ഞുകൊടുക്കുന്നു - ആദ്യം ഇദ്ദേഹം ദേവതയായിരുന്നു, 84 ജന്മങ്ങൾ എടുത്തെടുത്ത് അന്തിമ ജന്മത്തിലാണ്, അപ്പോൾ ഞാൻ ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. ഇത് മംഗളകാരീ ജന്മമാണ്. ബാബ വന്ന് ഇദ്ദേഹത്തിലൂടെ പഠിപ്പിക്കുന്നു അപ്പോൾ ഇദ്ദേഹം മാതാവും കൂടിയാണ്. വാസ്തവത്തിൽ ഇദ്ദേഹമാണ് അമ്മ, എന്നാൽ സേവനം ചെയ്യുന്നത് പിതാവിന്റെ രൂപത്തിലായതിനാൽ മമ്മയെ നിമിത്തമാക്കി യിരിക്കുകയാണ്. നിങ്ങൾ കുട്ടികളും അദ്ദേഹത്തോടൊപ്പം നിമിത്തമായി മാറുന്നു. സർവ്വർക്കും സ്വർഗ്ഗവാസികളാകുവാനുള്ള വഴി പറഞ്ഞുകൊടുക്കുന്നു.

മനുഷ്യർ മരിക്കുമ്പോൾ പറയുന്നു സ്വർഗ്ഗവാസി ആയി എന്ന്. അവർ പുരുഷാർത്ഥം ചെയ്യുന്നില്ല. നമ്മളാണെങ്കിൽ സ്വർഗ്ഗവാസികളാകുന്നതിനുവേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. സത്യുഗത്തിൽ ലക്ഷ്മി-നാരായണന്മാർ ഉണ്ടായിരുന്നു, അവരെ സ്വർഗ്ഗത്തിന്റെ അധികാരി ആക്കുന്നത് ആരാണ്? ശരിക്കും ആയിരുന്നില്ല, എന്നാൽ ആക്കിത്തീർത്തതാണ്. ഇതിൽ പ്രയാസത്തിന്റെ കാര്യമൊന്നുമില്ല. ബാബ കേവലം നിർദ്ദേശം നൽകുന്നു എന്തെന്നാൽ ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും ഈ അന്തിമ ജന്മം പവിത്രമാകൂ. ഇപ്പോൾ പഴയ ലോകത്തിന്റെ വിനാശം ഉണ്ടാകും. സത്യുഗത്തിൽ രാവണനെ കത്തിക്കില്ല. മനുഷ്യർ പറയാറുണ്ട് ഈ ആചാരം അനാദിയായി നടന്നുവരുന്നതാണ് എന്ന്, എന്നാൽ എന്നുമുതലാണ് ആചരിക്കുന്നത് എന്നത് അറിയുന്നില്ല. ദ്വാപരം മുതൽ രാവണനെ കത്തിക്കാൻ ആരംഭിച്ചതാണ്. രാവണന് ഒരു പ്രത്യേക വാസസ്ഥലം ഇല്ല. ശിവബാബയുടെ വാസസ്ഥലമാണ് പരംധാം. രാവണന്റെ ധാമം എവിടെയാണ്? അത് എല്ലാവരിലും പ്രവേശിച്ചിരിക്കുന്നു. ഏതെങ്കിലും ഒരു വാസസ്ഥലമില്ല. രാവണരാജ്യം എപ്പോൾ പൂർത്തിയാകുന്നുവോ, അപ്പോൾ സർവ്വരും പാവനമായി മാറുന്നു പിന്നീട് രാവണന്റെ പേരോ അടയാളമോ ഉണ്ടാകുന്നില്ല. രാമനും രാവണനും രണ്ടാണ്. രാമൻ സ്വർഗ്ഗസ്ഥാപന ചെയ്യുന്നു, രാവണൻ ദു:ഖികളാക്കി മാറ്റുന്നു. ഞാൻ സർവ്വവ്യാപിയൊന്നുമല്ല. രാവണനാണ് സർവ്വവ്യാപി, പിന്നീട് ഞാൻ വന്നതിനുശേഷമാണ് ഈ ഭൂതങ്ങളെ ഓടിക്കുന്നത്. ഈ ഭൂതങ്ങൾ തന്നെയാണ് സർവ്വരേയും ദു:ഖികളാക്കുന്നത്. ഈ ഭൂതങ്ങളിൽ നിന്നും വിജയം നേടിത്തന്നുകൊണ്ട് സ്വർഗ്ഗത്തിന്റെ അധികാരിയാക്കിമാറ്റുന്നു. നിങ്ങൾ കുട്ടികളെല്ലാവരും പുരുഷാർത്ഥം ചെയ്യുന്നത് സ്വർഗ്ഗവാസികളാകുന്നതിനുവേണ്ടിയാണ്. ആ മനുഷ്യർ പറയുന്നു സ്വർഗ്ഗവാസിയായി എന്ന്. എങ്കിൽ പിന്നെ കരയുന്നത് എന്തിനാണ്? അവിടെ വൈഭവങ്ങൾ ഒരുപാടുണ്ട്. മനുഷ്യർക്ക് സ്വർഗ്ഗത്തിന്റെ ഓർമ്മ വരുന്നു. പക്ഷേ പുനർ ജന്മം വീണ്ടും നരകത്തിൽ തന്നെ എടുക്കുന്നു. നിങ്ങൾ സത്യുഗത്തിൽ ആകുമ്പോൾ പുനർജന്മങ്ങൾ സത്യുഗത്തിൽ തന്നെയാണ് ലഭിക്കുന്നത്. ഇപ്പോൾ നരകം മാറി സ്വർഗ്ഗം വരാൻ പോകുകയാണ്. ദു:ഖത്തിന്റെ ലോകം മാറി സുഖത്തിന്റെ ലോകം വരാൻ പോകുകയാണ്. ഇപ്പോൾ സ്വർഗ്ഗത്തിന്റെ സത്ഗതി ദാതാവ് വന്നിരിക്കുകയാണ് സർവ്വരേയും സുഖികളാക്കുന്നതിനായി. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1) ഡബിൾ അഹിംസകരായി മനസ്സാ-വാചാ-കർമ്മണാ ആർക്കും തന്നെ ദു:ഖം നൽകരുത്. പവിത്രതയുടെ സത്യമായ രാഖി ബന്ധിക്കണം.

2) പതീതരുടെ കൂട്ടുകെട്ട് ഉപേക്ഷിച്ച് ഒരു ബാബയുടെ ആജ്ഞയനുസരിച്ച് നടക്കണം. സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നതിനായി ഭൂതങ്ങളുടെ മേൽ വിജയം നേടണം.

**വരദാനം:-ഓരോ കർമ്മത്തിന്റെയും ഭാരം ബാബക്ക് കൊടുത്ത് സ്വയം ട്രസ്റ്റിയായിരിക്കുന്ന ഡബിൾ ലൈറ്റ് ഫരിസ്തയായി ഭവിക്കട്ടെ.**

ധൈര്യം കാണിക്കുന്ന കുട്ടികളെ ബാബ സദാ സഹായിക്കുന്നു. കുട്ടികൾ ശ്രേഷ്ഠ സങ്കൽപ്പം വെക്കുമ്പോൾ ബാബ ഹാജരാകുന്നു. കേവലം ബാബക്കുമേൽ എല്ലാ കാര്യങ്ങളും വിട്ടുകൊടുക്കൂ, എങ്കിൽ ബാബക്കറിയാം, കാര്യമറിയാം. സ്വയം തനിക്കുമേൽ ഉത്തരവാദിത്വങ്ങളുടെ ഭാരം ചുമക്കാതിരിക്കൂ, സൂക്ഷിപ്പുകാരനായിരിക്കൂ, എങ്കിൽ സദാ ഭാരരഹിതരും ഡബിൾ ലൈറ്റ് ഫരിസ്തയുമായി മാറി പറന്നുകൊണ്ടിരിക്കും. ഹൃദയം ശുദ്ധമാണെങ്കിൽ ഈശ്വരൻ സംപ്രീതനാകുന്നു.

**സ്ലോഗൻ:- ഉന്മേഷ-ഉത്സാഹത്തിന്റെ ചിറക് കൂടെയുണ്ടെങ്കിൽ പറക്കുന്ന കലയിൽ പറന്നുകൊണ്ടിരിക്കും.**